




Kerala

# സാഹസിക ചോരക്കളിയുമായി സ്കൂൾ വിദ്യാർഥികൾ ഇവിടെയും

Published: Aug 4, 2017, 01:00 AM IST

T- T T+








FACEBOOK
TWITTER
PINTEREST
LINKEDIN
GOOGLE +
PRINT
EMAIL
COMMENT

**കൊട്ടാരക്കര:** വിദ്യാര്‍ഥികളുടെ ജീവനെടുക്കുന്ന ബ്ലൂവെയില്‍ ഓണ്‍ലൈന്‍ കളിക്ക് സമാനമായ പ്രവണതകള്‍ സംസ്ഥാനത്തും റിപ്പോര്‍ട്ട് ചെയ്യപ്പെടുന്നു. ബ്ലേഡ്‌കൊണ്ടും കോമ്പസ്‌കൊണ്ടും കൈയില്‍ ചിത്രങ്ങള്‍ വരയുന്ന വിദ്യാര്‍ഥികളെ കൊല്ലം ജില്ലയിലെ ചില സ്‌കൂളുകളില്‍ കണ്ടെത്തി. ഹൈസ്‌കൂള്‍ തലത്തിലെ പെണ്‍കുട്ടികളാണ് ജീവന്‍കൊണ്ടുള്ള കളി നടത്തുന്നത്.

രക്തം പൊടിയത്തക്കവിധം ബ്ലേഡ്‌കൊണ്ട് കൈത്തണ്ടയില്‍ പേരോ ചിത്രങ്ങളോ വരയുകയാണ് രീതി. ജില്ലയുടെ വടക്കന്‍ മേഖലയിലുള്ള സ്‌കൂളില്‍ ചില പെണ്‍കുട്ടികളുടെ കൈത്തണ്ടയിലാണ് ഇത്തരം മുറിവുകള്‍ കണ്ടെത്തിയത്. എന്നാല്‍ കൂടുതല്‍ അന്വേഷണത്തിലേക്ക് പോകാതെ വിദ്യാര്‍ഥികളെ ശാസിച്ച് അധ്യാപകര്‍ സംഭവം ഒതുക്കി.

ഇവരുടെ വിശദീകരണം. ഇതില്‍ ഒരു പെണ്‍കുട്ടി ബ്ലേഡ്‌കൊണ്ട് കൈയില്‍ തുടരെത്തുടരെ വരഞ്ഞിരുന്നു. മറ്റ് കുട്ടികളോട് വെല്ലുവിളിയായി ഏറ്റെടുത്ത് ഇങ്ങനെ ചെയ്യാന്‍ പ്രേരിപ്പിക്കുകയും ചെയ്തു. ഇതോടെയാണ് വീട്ടുകാരറിയാതെ അവരും കൈത്തണ്ടയില്‍ ബ്ലേഡ്‌കൊണ്ട് വരഞ്ഞ് പേരെഴുതിയത്. ജില്ലയിലെ മറ്റ് പല സ്‌കൂളുകളിലും ഇത്തരത്തിലുള്ള സംഭവങ്ങള്‍ നടന്നിട്ടുള്ളതായും വിവരങ്ങള്‍ പുറത്തുവരുന്നു.

അമ്പതുദിവസം നീളുന്ന ബ്ലൂവെയില്‍ കളിയുടെ തുടക്കവും ഇങ്ങനെതന്നെയാണ്. ഓരോ ദിവസവും ഓരോ വെല്ലുവിളികളാണ് അംഗങ്ങളാകുന്നവര്‍ക്ക് നല്‍കുന്നത്. സാഹസികമായ വെല്ലുവിളികള്‍ക്കൊടുവില്‍ ആത്മഹത്യയെന്ന വലിയ വെല്ലുവിളി മുന്നോട്ടുവയ്ക്കുന്നു. മുംബൈയില്‍ മരണപ്പെട്ട പതിന്നാലുകാരനായ മന്‍പ്രീത് സിങ് ബ്ലൂവെയില്‍ ഗെയിമിന്റെ രാജ്യത്തെ ആദ്യ ഇരയാണെന്ന സംശയം ഉയര്‍ന്നിരുന്നു. ഇതുസംബന്ധിച്ച വാര്‍ത്ത പരന്നതോടെ ബ്ലൂവെയില്‍ ആപ് ഡൗണ്‍ലോഡ് ചെയ്യാന്‍ ശ്രമിക്കുന്നവരുടെ എണ്ണവും കൂടുന്നു. കഴിഞ്ഞവര്‍ഷം കൊട്ടാരക്കരയില്‍ കായികമേളയ്ക്കിടെ വിദ്യാര്‍ഥിയുടെ കൈയില്‍ കണ്ട മുറിവ് അധ്യാപകരുടെ ശ്രദ്ധയില്‍പ്പെട്ടിരുന്നു. കോമ്പസ് പഴുപ്പിച്ച് കൈത്തണ്ടയില്‍ ചിത്രം വരച്ചതാണെന്ന മറുപടിയാണ് അന്ന് ലഭിച്ചത്.

വരനെ/വധുവിനെ തേടുകയാണോ?
കേരള മാട്രിമോണിയില്‍ രജിസ്ട്രേഷന്‍ സൗജന്യം!